# മലയാളം

വൺടുത്രീ എബീസീഡീ
പിച്ചവെക്കുന്നു ബാല -
കോകിലം കാക്കക്കൂട്ടി-
ലമ്മതൻ ചുടേൽക്കാതെ!

ഉദ്യോഗം വ്യവഹാരം
ഭരണം വിദ്യാഭ്യാസം
തീണ്ടലുമായിപ്പുറ-
ത്തല്ലേയിത്തിരസ്കൃതൻ!

മലിനം മണ്ണുംവിണ്ണും
പൂക്കളും പദങ്ങളും
ചിന്തയും ചന്തമെഴും
അജൈവ കാപട്യങ്ങൾ!

എത്രവാക്കുകളെത്ര
ശൈലികൾ പ്രയോഗങ്ങൾ
കുപ്പയിലാണക്കവും
മൃതമായ് വിസ്മൃതിയിൽ!

ഭരണക്കാരോടുന്നു
ഭാഷയുദ്ധരിക്കുവാൻ
അർത്ഥമുണ്ടേറെക്കട്ടു
മുടിക്കാൻ വകമാറ്റാൻ!

ചാനലിൻ പെരുക്കത്തിൽ
പുസ്തകമുപേക്ഷിച്ചോൻ
ഞാൻ മലയാളിയെൻറെ
ഭാഷയിന്നത്യുത്കൃഷ്ടം!

*downloaded from www.abdulgafoor.com*